വയനാട് ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ വികസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി

83 (6001) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുറവാദ്വീപ്, പൂക്കോട് തടാകം, ബാണാസുര സാഗർ, എടയ്ക്കൽ, തിരുനെല്ലി എന്നിവയുമായി ബന്ധപ്പെട്ട റോഡുകൾ വികസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിരുന്നുവോ ;

(ബി) പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന എത്ര കിലോ മീറ്റർ റോഡിന്റെ വികസനമാണ് നടപ്പാക്കാൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നത് ;

(സി) 2009-2010 സാമ്പത്തിക വർഷത്തിൽ എന്ത് തുക ഇതിനായി വകയിരുത്തിയിട്ടുണ്ടായിരുന്നു ;

(ഡി) പ്രസ്തുത റോഡുകളുടെ വികസനം പൂർത്തിയാക്കാൻ കഴിഞ്ഞുവോ ;

(ഇ) ഇതിനായി എന്ത് തുക ഇതുവരെ ചെലവായി ;

(എഫ്) പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ എന്തൊക്കെ പണികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തയ്യാറാക്കിയിരുന്നു.

(ബി) 70-കിലോ മീറ്റർ.

(സി - എഫ്) 52 കോടി രൂപ (അൻപത്തി രണ്ടു കോടി) പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പൈതൽ മലയുടെ ടൂറിസം വികസന സാധ്യതകൾ

84 (6002) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൈതൽ മലയുടെ ടൂറിസം വികസന സാധ്യതകൾ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുടിയാൻ മല-പൊട്ടൻപ്ലാവ്-പൈതൽ വാലി റോഡ് യാത്രാ യോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഹൈറേഞ്ച് സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പൈതൽ മലയിൽ ഒരു ടൂറിസ്റ്റ് കോംപ്ലക്സ് നിർമ്മാണം നടന്നുവരുകയാണ്. കൂടാതെ ഇക്കോടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി സഞ്ചാരികൾക്ക് ട്രക്കിങ്ങിന് വേണ്ടിയുള്ള നടപ്പാതയും നിർമ്മിച്ചിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പ് ഇപ്പോൾ റോഡ് വികസന പദ്ധതികൾ ഏറ്റെടുക്കുന്നില്ല.

കിറ്റ്സിന്റെ പ്രവർത്തനം

85 (6003) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചത് ഏത് വർഷത്തിലാണ് ;

(ബി) കിറ്റ്സിൽ തുടക്കത്തിൽ നടന്നുവന്നിരുന്നതും ഇപ്പോൾ നടന്നു വരുന്നതുമായ കോഴ്സുകൾ ഏതൊക്കെ ; വിശദീകരിക്കുമോ ;

(സി) ഇത് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും അദ്ധ്യാപകർക്കും പരിശീലനം നൽകുന്ന ഒരു നോഡൽ ഏജൻസി കൂടിയാണോ; എങ്കിൽ ഏതൊക്കെ വകുപ്പിലെ ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകുന്നത് ;

(ഡി) സംസ്ഥാന ബഡ്ജറ്റിൽ കിറ്റ്സിനുള്ള വിഹിതമായി ഈ വർഷം അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ ;

(ഇ) അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച പ്രസ്തുത തുക കിറ്റ്സിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെയാണോ വകകൊള്ളിച്ചിട്ടുള്ളത് ;

(എഫ്) പ്രസ്തുത തുക ടൂറിസം വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലാക്കിയിട്ട് മറ്റൊരു സ്ഥാപനത്തിനായി ചെലവുചെയ്യുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ജി) കിറ്റ്സിന് സ്വന്തമായി കെട്ടിടമുണ്ടോ ; ഇല്ലെങ്കിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ;

(എച്ച്) ട്രെയിനിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ഇപ്പോൾ നടന്നുവരുന്നുണ്ടോ ; എങ്കിൽ ഏത് ഘട്ടത്തിൽ ;

LIBRARY ARCHIVES Kerala Legislative Assembly